ഉത്തരം

(എ) കെ. എസ്. ആർ. ടി. സി. പെൻഷൻകാരുടെ പെൻഷൻ പരിഷ്ക്കരണം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പുതുക്കിയ പെൻഷൻ വിതരണം ആരംഭിച്ചിട്ടുണ്ട്.

(സി) പുതുക്കിയ ശമ്പളപരിഷ്ക്കരണ കരാർ അനുസരിച്ച് അർഹതയുള്ള പെൻഷൻ കുടിശ്ശിക കൊടുത്തുകൊണ്ടിരിക്കുകയാണ്.

(ഡി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

തിരുവനന്തപുരം നഗരത്തിലെ ഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിന് നടപടി

257 (4046) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിലെ ഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പിലാക്കാൻ ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ നഗരത്തിൽ പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിന് മോണോറെയിൽ പോലുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം നഗരത്തിലെ ഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനുമായി 14.08.2009-ലെ ജി. ഒ. (പി) 50/09/ട്രാൻ. നമ്പർ ഉത്തരവ് പ്രകാരം കെ. എസ്. ആർ. ടി. സി. ക്ക് അനുവദിച്ചിരുന്ന സിറ്റി പെർമിറ്റുകളുടെ എണ്ണം 410-ൽ നിന്നും 760 ആയി വർദ്ധിപ്പിക്കുകയുണ്ടായി. വർദ്ധിപ്പിച്ച 350 പെർമിറ്റുകളിൽ 200 എണ്ണം കെ. എസ്. ആർ. ടി. സി. ക്കും, 150 എണ്ണം ഖിചഡഞങ പദ്ധതിപ്രകാരമുള്ള സർവ്വീസ് നടത്തിപ്പിനുമായാണ് അനുവദിച്ചിരിക്കുന്നത്. ഖിചഡഞങ പദ്ധതിപ്രകാരം 120 നോൺ എ. സി. ബസ്സുകളും, 30 എ. സി. ബസ്സുകളും തിരുവനന്തപുരം നഗരത്തിന് മാത്രമായി അനുവദിച്ചിട്ടുണ്ട്. ഇതിൽ 8 എ. സി. ബസ്സുകളും, ഒരു നോൺ എ. സി. ബസ്സും സർവ്വീസ് നടത്തിവരുന്നുണ്ട്. കെ. എസ്. ആർ. ടി. സി. ക്ക് തിരുവനന്തപുരത്തുള്ള തിരു. സിറ്റി, വികാസ്ഭവൻ, പേരൂർക്കട, പാപ്പനംകോട്, വെള്ളനാട് എന്നീ യൂണിറ്റുകൾ കേന്ദ്രീകരിച്ച് 523 സർവ്വീസുകൾ തിരുവനന്തപുരം നഗരത്തിൽ നടത്തിവരുന്നുണ്ട്. ഇതിൽ പുതിയ ബസ്സുകൾ ഉപയോഗിച്ച് അനന്തപുരി സിറ്റി ഫാസ്റ്റ് പാസഞ്ചർ സർവ്വീസും, ഇടുങ്ങിയ റോഡുകളിൽ മിനി-ബസ്സ് സർവ്വീസും ഉൾപ്പെടുന്നുണ്ട്. തമ്പാനൂരിൽ നിലവിലുണ്ടായിരുന്ന ബസ് സ്റ്റേഷൻ കെട്ടിടം പൊളിച്ച് ആധുനിക രീതിയിലുള്ള ബസ് സ്റ്റേഷൻ-കം-ഷോപ്പിംഗ് കോംപ്ലക്സിന്റെ പണി നടന്നുവരുന്നു. പുറമെ, ദീർഘദൂര സർവ്വീസുകൾക്കായി ഈഞ്ചക്കലിൽ ബസ് ടെർമിനൽ പണിയാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) നിലവിൽ പരിഗണനയിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly